ഊർജ്ജ സംരക്ഷണത്തിന് നൂതന പരിപാടികൾ

57 (4048) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വൈദ്യുതിയുടെ ഉത്പാദന-വിതരണമേഖലകളിലൂടെ ചെലവുചുരുക്കുന്നതിനും വൈദ്യുതി ലാഭിക്കുന്നതിനും പുതിയ കണ്ടെത്തലുകളുമായി കടന്നുവരുന്ന പ്രതിഭകളെ പ്രോത്സാഹിപ്പിക്കുന്നതിനും അവരുടെ കണ്ടെത്തലുകളെ പ്രയോജനപ്പെടുത്തുന്നതിനും ഊർജ്ജവകുപ്പ് പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

വൈദ്യുതിയുടെ ഉത്പാദന വിതരണ മേഖലകളിലൂടെ ചെലവ് ചുരുക്കുന്നതിനും വൈദ്യുതി ലാഭിക്കുന്നതിനും നൂതന ആശയങ്ങളുള്ളവരെ പ്രോത്സാഹിപ്പിക്കുന്നതിനുമായി കളമശ്ശേരിയിലെ സ്റ്റാർട്ടപ്പ് വില്ലേജിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ഒരു ഇലക്ട്രിക്കൽ ഓപ്പൺ ഇന്നവേഷൻ സോൺ (EOIZ) സ്ഥാപിച്ചിട്ടുണ്ട്. EOIZ-ന്റെ പ്രവർത്തനച്ചെലവുകൾ സംസ്ഥാന സർക്കാരിന്റെ സഹായത്തോടെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡാണ് വഹിക്കുന്നത്. വൈദ്യുതി മേഖലയിൽ നൂതന ആശയങ്ങളുള്ള തെരഞ്ഞെടുക്കപ്പെട്ട പ്രതിഭകൾക്ക് അവരുടെ ആശയങ്ങൾ പ്രാവർത്തികമാക്കുന്നതിന് EOIZ-ൽ സാങ്കേതികവും സാമ്പത്തികവുമായ സഹായം നൽകിവരുന്നു.

കണ്ടറ നല്ലിലയിലെ 11 കെ.വി. ലൈൻ

58 (4049) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ടറ നല്ലില ട്രാൻസ്ഫോർമർ ജംഗ്ഷൻ മുതൽ വായനശാല വരെയുള്ള 500 മീറ്റർ ഭാഗത്ത് 11 കെ.വി. ലൈൻ താഴ്ന്ന് ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണി ഉയർത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇക്കാര്യത്തിന്മേൽ ലഭിച്ച പരാതികളിന്മേൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചു വരുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ ജനങ്ങളുടെ ഭീതി ഒഴിവാക്കാനായി നടപടികളുടെ വേഗം കൂട്ടുന്ന കാര്യം അടിയന്തരമായി പരിഗണിക്കുമോ?

ഉത്തരം

(എ) ടി ലൈൻ സ്വകാര്യ വ്യക്തികളുടെ സ്ഥലങ്ങളിൽ കൂടി സുരക്ഷിതമായ ഉയരത്തിലൂടെയാണ് കടന്നുപോകുന്നത്. പ്രസ്തുത ലൈൻ നിലവിൽ ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണി ഉയർത്തുന്ന നിലയിൽ അപകടകരമായ അവസ്ഥയിലല്ല

LIBRARY ARCHIVES Kerala Legislative Assembly

(ബി) അപേക്ഷ ലഭിച്ചതിൻ പ്രകാരം പ്രസ്തുത ലൈൻ റോഡിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

(സി) നിലവിൽ ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണി ഉയർത്തുന്ന നിലയിലല്ലെങ്കിലും സ്വകാര്യ വ്യക്തികളുടെ സ്ഥലങ്ങളിൽ നിന്നും റോഡിലേയ്ക്ക് ലൈൻ മാറ്റി സ്ഥാപിക്കുന്നതിന് അധികമായി വേണ്ടിവരുന്ന തുക പരാതിക്കാരൻ അടയ്ക്കുന്ന പക്ഷം ലൈൻ മാറ്റി സ്ഥാപിക്കുന്നതിനുവേണ്ട നടപടികൾ ത്വരിതപ്പെടുത്താവുന്നതാണ്.

ചെറായി 110 കെ.വി. സബ് സ്റ്റേഷൻ

59 (4050) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെറായി 110KV സബ്സ്റ്റേഷന് ഭരണാനുമതി നൽകിയത് ഏത് വർഷമാണെന്നും എത്ര രൂപയാണ് എസ്റ്റിമേറ്റ് ചെയ്തിരുന്നതെന്നും വ്യക്തമാക്കാമോ;

(ബി) പദ്ധതി കമ്മീഷൻ ചെയ്യുന്നതിന് ഇനിയും എത്ര തുക കൂടി ആവശ്യമായി വരുമെന്നാണ് കണക്കാക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്യാനാകുമെന്ന് വ്യക്തമാക്കാമോ; കമ്മീഷനിംഗ് അനിശ്ചിതമായി നീണ്ടുപോകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) നടപടികൾ വേഗത്തിലാക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഇ) ഇക്കാര്യം സംബന്ധിച്ച് ഉന്നതതലയോഗം വിളിക്കണമെന്ന് ആവശ്യപ്പെട്ട് വൈപ്പിൻ എം.എൽ.എ. നൽകിയ കത്തിന്മേൽ സ്വീകരിച്ച നടപടിയെന്തെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 1999-ലാണ് ഭരണാനുമതി നൽകിയത്. എസ്റ്റിമേറ്റ് തുക 7.80 കോടി രൂപ.

(ബി) 15 കോടി രൂപ.

(സി) പ്രസ്തുത ലൈൻ വലിയിൽ ലൈൻ നിർമ്മിക്കുന്നതിനെതിരെ പൊതുജനങ്ങൾ സമർപ്പിച്ച 20 കേസുകളിൽ 3 എണ്ണം ബഹു. ഹൈക്കോടതിയുടെ പരിഗണനയിലാണ്. ബഹു. ഹൈക്കോടതി ഈ മൂന്ന് കേസുകളും സംബന്ധിച്ച് അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റിനോട് പരിശോധിച്ച് ആവശ്യമെങ്കിൽ അഡ്വക്കേറ്റ് കമ്മീഷനെ നിയോഗിക്കുവാനും നിർദ്ദേശം നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ എ.ഡി.എം. നിയോഗിച്ച അഡ്വക്കേറ്റ് കമ്മീഷൻ 17-11-2014-ൽ വിട്ട് പരിശോധന പൂർത്തിയാക്കിയിട്ടുണ്ട്. കേസുകൾ തീർപ്പാക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly